പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3573 08.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>" കെ.സി.ജോസഫ്<br>" വി.പി.സജീന്ദ്രൻ<br>" എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണെന്ന് അറിയിക്കാമോ; | (എ) | 01.04.2013 മുതൽ കെ.എസ്.ആർ.ടി.സി. യിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുകയും മാനേജ്മെന്റിന്റെ വിഹിതവും കൃത്യമായി പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | ഇല്ല.<br>സാമ്പത്തിക പ്രതിസന്ധിയാണ് പെൻഷൻ ഫണ്ടിലേയ്ക്ക് തുക അടയ്ക്കാത്തതിനു കാരണം. |
| (സി) | നിലവിൽ എത്ര മാസത്തെ തുകയാണ് പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുവാനുള്ളത്; ഇത് എത്ര ലക്ഷം രൂപ വരുമെന്ന് വെളിപ്പെടുത്താമോ; | (സി) | നിലവിൽ 38 മാസ തവണകൾ ആണ് പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കുവാനുള്ളത്. ജീവനക്കാരുടെ വിഹിതം + കെ.എസ്.ആർ.ടി.സി. വിഹിതം (Rs.59,83,00,819/- + Rs. 59,83,00,819/-) ചേർന്ന തുക Rs.1,19,66,01,638/- ആണ് നിക്ഷേപിയ്ക്കാനുള്ളത്. |
| (ഡി) | ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുകയും മാനേജ്മെന്റ് വിഹിതവും എല്ലാ മാസവും കൃത്യമായി പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ? | (ഡി) | സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ എല്ലാ മാസവും കൃത്യമായി പെൻഷൻ ഫണ്ടിലേയ്ക്ക് വിഹിതം അടയ്ക്കുവാൻ സാധിക്കുകയുള്ളൂ. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ